# വീണ്ടും രണ്ടു ചോദ്യങ്ങൾ

“വിനയമാണ് ഭാഗ്യത്തിന്റെ ലക്ഷണം. വിനയമുള്ളവനേ വിദ്യ ലഭിക്കൂ. വിദ്യയാണ് അറിവ്. വിനയപ്പെട്ടാണ് അറിവു നേടേണ്ടത്. ഭാഗ്യമുള്ളവനേ അറിവു നേടാൻ കഴിയൂ. ആത്മലയമാണ് ഏറ്റവും വലിയ ഭാഗ്യം.” ഗുരുവിലൂടെ ലഭിച്ച ഈ വചനങ്ങൾ മാത്രമാണ് ആ സുദീർഘമായ സ്വപ്നത്തിൽ എനിക്ക് ഓർക്കാൻ കഴിയുന്നവ. എത്ര ശ്രമിച്ചിട്ടും എനിക്ക് മറ്റൊന്നും ഓർക്കാൻ കഴിയുന്നില്ല. ഓർമ്മകളെ നമുക്കു നിയന്ത്രിക്കാൻ കഴിയില്ലല്ലോ?. ഉണർന്നപ്പോൾ നല്ല വിശപ്പും ദാഹവും തോന്നി. അരികത്തായി ശാന്തമായ ഒരു ജലാശയം കണ്ടു. ഒരു കൈക്കുമ്പിൾ വെള്ളം. അതു കോരി കുടിക്കാനായി തിടുക്കത്തിൽ ചെന്നു. സാധിച്ചില്ല. എന്റെ പ്രതിച്ഛായ കണ്ടു ഞാൻ ഞെട്ടിപ്പോയി. ഞാൻ നന്നേ വൃദ്ധനായിരിക്കുന്നു. ഞാനിത്രയും വർഷങ്ങൾ സ്വപ്നത്തിലായിരുന്നോ?. ആ സ്വപ്നത്തെക്കുറിച്ച് ഓർക്കാൻ വീണ്ടും ശ്രമിച്ചു. ആ ഏതാനും വാക്കുകൾ മാത്രമേ ഓർക്കാൻ കഴിയുന്നുള്ളൂ. ഞാൻ പരിസരമൊക്കെ ശ്രദ്ധിച്ചു. എനിക്ക് ഒരു പരിചയവുമില്ലാത്ത സ്ഥലം. ഞാൻ മനുഷ്യരെ ശ്രദ്ധിച്ചു. ഒരു പ്രത്യേകതരം വേഷവും ഭാഷയും. ഞാനിപ്പോഴാണു സ്വപ്നത്തിലായതെന്നു തോന്നി. മനുഷ്യർ വളരെ ചുരുക്കം ചിലപ്പോഴൊക്കെ സ്വപ്നവും യാഥാർത്ഥ്യവും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലായിപ്പോകുമെന്നു പറയുന്നത് എത്ര ശരിയാണ്. പിന്നീടെപ്പോഴോ എനിക്കു മനസ്സിലായി. ഞാൻ ഇൻഡ്യയുടെ വടക്കൻ മേഖലയിലാണ്. കേരളത്തിലേക്കു തിരികെ പോകാൻ വെമ്പലായി. പെട്ടന്നു ഗുരുവിനെ കാണാനുള്ള ആവേശമുണ്ടായി. സഞ്ചിയൊക്കെ അരിച്ചു പെറുക്കിനോക്കി. ഒരു കാശുമില്ല. യഥാർത്ഥ ഭിക്ഷാടനം അന്നാണ് ആരംഭിച്ചത്.

വളരെ ദിവസത്തെ ശ്രമകരമായ യാത്രക്കൊടുവിൽ തിരുവനന്തപുരത്തെത്തി. ഗുരുദർശനത്തിനായി നടത്തിയ ഭിക്ഷാടനത്തിനിടയിൽ ഒരുപിടി പുഷ്പം ഗുരുപാദത്തിലർപ്പിക്കാനായി ഒരു ഭക്ത അല്പം കാശു പ്രത്യേകം തന്നിരുന്നു. അതു തപ്പിയെടുത്തു പൂക്കടയിൽ കയറി. അപ്പോഴാണ് എനിക്കു യഥാർത്ഥത്തിൽ സ്ഥലകാലബോധമുണ്ടായത്. ആ ജനസംസാരം ഓർമ്മ വന്നു. ഗുരുവിന്റെ ലയനം. അന്ന് ആശ്രമത്തിലേക്കു നടന്നതാണ്. പക്ഷെ ഒരു സ്വപ്നത്തിലായിപ്പോയി. പിന്നെ മനസ്സിന് ഭൂമിയുമായി ഒരു ബന്ധവുമുണ്ടായില്ല. ഒരു തുടർച്ചക്കായി മനസ്സു നന്നെ പണിപ്പെടുന്നുണ്ടായിരുന്നു. ഒന്നും ഓർത്തെടുക്കാൻ സാധിക്കാതെ മനസ്സു ഞെരുങ്ങി.

‘പോത്തൻകോട്’ ബോർഡുവച്ച ബസ്സു കണ്ടു. ബസ്സിനു പിന്നാലേ ഓടാൻ ശ്രമിച്ചപ്പോഴാണ് ശക്തിക്ഷയം തിരിച്ചറിഞ്ഞത്. ഒരുവിധം ബസ്സിൽ കടന്നുകൂടി. ആരുടേയോ സന്മനസ്സിൽ ഇരിക്കാനൊരിടം കിട്ടി. മനസ്സിൽ ഗുരുരൂപം

തെളിഞ്ഞുവന്നു. നല്ല ആശ്വാസം തോന്നി. അഖണ്ഡനാമം ഉരുവിട്ട് ഗുരുരൂപത്തിൽ ലയിച്ചു. എന്തു കൊണ്ടോ ഈ ബസ്സുയാത്ര അവസാനിക്കാതിരുന്നെങ്കിലെന്നു ആശിച്ചുപോയി. ആ ഭക്തയുടെ കാശ് എന്റെ ഇടതു കയ്യിൽ മുറുകെ പിടിച്ചിരിക്കുന്നത് ഞാൻ തിരിച്ചറിഞ്ഞു. കണ്ണുതുറക്കാൻ ശ്രമിച്ചു. പൂവു വാങ്ങാൻ മറന്നുപോയിരിക്കുന്നു. ആ പുഷ്പം ഇനിയെങ്ങനെയാണ് ഗുരുപാദങ്ങളിൽ.... ഓർമ്മകളിൽ ആ വേദന വീണ്ടും അരിച്ചരിച്ചു കയറുകയാണ്. മറ്റൊരു സംവിധാനം അവിടെ ഒരുക്കിയിട്ടുണ്ടാകും. ഗുരുവിന്റെ തടി ഒട്ടിച്ച പാദുകങ്ങൾ ഓർമ്മ വന്നു. ഗുരുവിന്റെ അസാന്നിദ്ധ്യത്തിൽ പുഷ്പങ്ങളാൽ അലങ്കരിച്ച പീഠത്തിത്തിനു മദ്ധ്യത്തിൽ ആ ഗുരുപാദുകങ്ങൾ ഗുരുവോളം ആശ്വാസം പകർന്നുതന്നിരുന്നു. പർണ്ണശാലയിലെ ആദ്യകാല ചാരുകസേര, മെത്തയില്ലാത്ത കട്ടിൽ. എല്ലാമെല്ലാം ഓർമ്മവന്നു. ആ തുടർച്ച തിരിച്ചുകിട്ടിയിരിക്കുന്നു. ഗുരുവിന്റെ സ്നേഹം ഹൃദയത്തിൽ നിറയുന്നതായി അറിഞ്ഞു. ഗുരുവിന് സ്നേഹരൂപമായിരുന്നു. സ്നേഹത്തിന്റെ നിറം പ്രകാശമുള്ള വെണ്മയായിരുന്നു. മനസ്സിനു നല്ല ആഹ്ലാദം തോന്നി. നേരിയ തണുത്ത കാറ്റ് തലമുടിയിടയിലൂടെ കടന്നുപോയപ്പോൾ അറിയാതെ അമ്മയുടെ തലോടൽ അനുഭവപ്പെട്ടു. അമ്മയിലൂടെയാണ് ഞാൻ ഗുരുവിലെത്തിയതെന്നോർത്തു. പാവം അമ്മ. എന്നെ ഓർത്ത് എത്ര വേദനിച്ചിരുന്നിരിക്കണം. ഗുരുവിനെ കാണാൻ തിടുക്കമായി. വീണ്ടും ലയനം ഓർമ്മ വന്നു. ആഹ്ലാദത്തിനുള്ളിൽ വീണ്ടും നേരിയ വേദന പടർന്നു. ഓ.... പോത്തൻകോടെത്തിയിരിക്കുന്നു. തിടുക്കപ്പെട്ടിറങ്ങി. പഴയ പൂക്കട കാണുന്നില്ല. ബസ്സിറങ്ങിയ സ്ഥലം മാറിപ്പോയിരിക്കുന്നു.

'അപ്പുപ്പാ... ആശ്രമത്തിലേക്കാണോ..? ഈ വണ്ടി ആശ്രമത്തിന്റേതാണ്. കയറിക്കോളൂ.' ആ കുഞ്ഞു മനസ്സിന് എത്ര കാരുണ്യം.

ചില അവസരങ്ങളിൽ അവശമനസ്സുകൾക്ക് ചില ശബ്ദങ്ങൾ എത്ര മധുരതരം.

' മോളേ ...ഞാൻ പൂവ് വാങ്ങിയില്ല.'

'പൂവൊക്കെ ആശ്രമത്തിനു പുറത്തു കിട്ടുമപ്പുപ്പാ....'

ആശ്വാസമായി. ബസ്സിൽ കയറാൻ ആരോ സഹായിച്ചു. പരിചയമില്ലാത്ത ഏതോ ഒരു വഴിയിലൂടെ വാഹനം മുന്നോട്ടു നീങ്ങി. ഞാൻ ഓർമ്മകളുടെ കയത്തിലേക്ക് ആഴ്ന്നുപോയി. ആശ്രമത്തിനു സമീപമെത്തി. ഞാനവിടെയിറങ്ങി. പൂക്കട അന്വേഷിച്ചു. അവിടെ പൂക്കടയുണ്ടായിരുന്നില്ല. ചിലപ്പോ

ഴൊക്കെ മനുഷ്യർ വളരെ ചെറിയ കാര്യങ്ങൾക്കുവേണ്ടിപ്പോലും വേദനിച്ചു പോകും. ഞാൻ പൂക്കടതേടി അലഞ്ഞു. ഒടുവിൽ വീണ്ടും പോത്തൻകോടെത്തി. പൂവു വാങ്ങി. ഞാനാശ്രമത്തിലേക്ക് നടന്നു. നടക്കാനൊട്ടും വയ്യാതിരുന്നിട്ടും ആ നടത്ത മനസ്സിനു നൽകിയ ഉന്മേഷം വളരെ വലുതായിരുന്നു. നടത്തത്തിനിടയിൽ എനിക്കാ സുദീർഘമായ കഴിഞ്ഞകാല സ്വപ്നം ഓർമ്മയിൽ വന്നു. ഭാഗ്യമായി. അതു ഗുരുവുമൊത്തുള്ള ഒരു പദയാത്രയായിരുന്നു. ഭാരതത്തിനു മുകളിൽകൂടി ഒരു പദയാത്ര. യുഗങ്ങളോളം പഴക്കമുള്ള ഒരു തീർത്ഥയാത്രയുടെ പിൻതുടർച്ച. പിന്നീടതങ്ങനെ ഭൂമിയുടെ ഉപരിതലത്തിലൂടെ നീണ്ടുനീണ്ടു പോയി. മനുഷ്യരാശിയുടെ ഉല്പത്തി മുതലുള്ള ഒരു ഗതകാലചരിത്രത്തിന്റെ അതിനായകത്വത്തിലൂടെയുള്ള ഗുരുവിന്റെ ജീവിതയാത്ര. ഒപ്പം നടക്കാനൊരല്പം സമയം ലഭിച്ചു. എന്താണ് യഥാർത്ഥ അറിവെന്നു മനസ്സിലായി. എന്റെ ഒരിക്കലുമടങ്ങാത്ത അറിവുതേടിയുള്ള സഞ്ചാര മോഹത്തിന് യവനിക വീണു.

ഒരുവിധം ഞാൻ ആശ്രമത്തിനു മുന്നിലെത്തി. അരമതിൽ കെട്ടി കൊട്ടിയടച്ച പ്രധാന കവാടത്തിനു മുന്നിൽ ഒരു നിമിഷം ഞാൻ പകച്ചുനിന്നുപോയി. അരമതിലിനു മുകളിലൂടെ ഞാൻ അകത്തേക്കു നോക്കി. പ്രാർത്ഥനാലയം കണ്ടു. സമാധാനമായി. പുറമതിലിനും അരമതിലിനുമിടയിൽ ഒരു പടി കണ്ടു. ഉള്ളിലേക്കു കടക്കാൻ തുടങ്ങിയ എന്നെ ഒരു സെക്യൂരിറ്റി ഗാർഡ് തടഞ്ഞു നിർത്തി. എനിക്കു സ്ഥലം തെറ്റിയിരിക്കുന്നുവോ? ഞാനരമതിലുനു മുകളിലൂടെ പർണ്ണശാലയിലേക്കു നോക്കി. .... സ്ഥലം തെറ്റിയിരിക്കുന്നുവോ?..... ആ ലോകോത്തരമായ ആരൂഢം അവിടെ കാണുന്നില്ലാ... സ്വപ്നത്തിലേക്കു മടങ്ങിപ്പോകാൻ കൊതി തോന്നി. ബോധം മറയുന്നപോലെ.

–സഞ്ചാരി–

**('വീണ്ടും രണ്ടു ചോദ്യങ്ങൾ' ശേഷം ഭാഗം തല്ക്കാലം പ്രസിദ്ധീകരിക്കാൻ സാധിക്കാതെ വന്നതിൽ ഖേദിക്കുന്നു. ക്ഷമിക്കുക.)**